NEW AGE

Wednesday, Mar 03, 2010.

# ടാറ്റ ക്രൂസിബിൾ കാംപസ് ക്വിസ്: ഡിസിഎസ് മാറ്റ് വിജയികൾ




കൊച്ചി: ഇന്ത്യയിലെ ഇരുപത് നഗരങ്ങളിലായി നടത്തപ്പെടുന്ന ടാറ്റ ക്രൂസിബിൾ കാംപസ് ക്വിസിന്റെ കൊച്ചിയിൽ നടന്ന നാലാമത് പ്രാദേശിക മത്സരത്തിൽ വാഗമൺ ഡിസിഎസ് മാറ്റിലെ കെഎ അരുൺ, യു രാജീവ് എന്നിവരടങ്ങിയ ടീം ഒന്നാം സമ്മാനമായ 75000 രൂപയും മറ്റ് സമ്മാനങ്ങളും നേടി. തിരുവനന്തപുരം എൻജിനീയറിങ് കോളജിലെ എസ് ഉണ്ണികൃഷ്ണൻ, ബി സുദർശൻ എന്നിവരടങ്ങിയ ടീം റണ്ണേഴ്സ് അപ് ആയി. ഇവർ 35,000 രൂപയുടെ സമ്മാനം നേടി. താജ് മലബാർ ജനറൽ മാനേജർ സൗരഭ് രത്തൻ സമ്മാനങ്ങൾ വിതരണം ചെയ്തു. 200 ടീമുകളാണ് കൊച്ചിയിൽ നടന്ന മത്സരത്തിൽ പങ്കെടുത്തത്.

ദ ഗേറ്റ്‌വേ ഹോട്ടലിൽ നടന്ന മത്സരത്തിൽ പിക് ബ്രെയിൻ എന്നറിയപ്പെടുന്ന ഗിരി ബാലസുബ്രഹ്മണ്യമായിരുന്നു ക്വിസ് മാസ്റ്റർ. കൊച്ചിയിൽ വിജയിച്ച ടീം മറ്റ് പത്തൊൻപത് പ്രാദേശിക മത്സരത്തിലെ വിജയികളുമൊത്ത് ഏപ്രിലിൽ മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനൽ മത്സരത്തിൽ പങ്കെടുക്കും. മുംബൈയിലാണ് അന്താരാഷ്ട്ര ഫൈനൽ മത്സരങ്ങൾ.

ഫെബ്രുവരി ഇരുപത്തേഴിന് പനജിയിലും, മാർച്ച് അഞ്ചിന് ജയ്പൂരിലും, ആറിന് ചണ്ഡീഗഢിലും, ഏഴിന് ഡൽഹിയിലും, ഒൻപതിന് ലക്നോവിലും, പതിനൊന്നിന് അഹമ്മദാബാദിലും, പതിമൂന്നിന് ചെന്നൈയിലും, പതിനാലിന് കൊൽക്കൊത്തയിലും പതിനഞ്ചിന് ഭുവനേശ്വറിലും, ഇരുപതിന് ഹൈദരാബാദിലും, ഇരുപത്തൊന്നിന് ബാംഗളൂരിലും ഇരുപത്തിമൂന്നിന് റാഞ്ചിയിലും ഇരുപത്തഞ്ചിന് ഗോഹട്ടിയിലും ഇരുപത്തേഴിന് മുംബൈയിലും ഇരുപത്തെട്ടിന് പൂനയിലും മുപ്പത്തൊന്നിന് മണിപ്പാലിലുമാണ് മറ്റ് പ്രദേശിക മത്സരങ്ങൾ.